**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6252 — 20-11-2019-ലെ മറുപടി

**കാരാപ്പുഴ ജലസേചന പദ്ധതി**

ചോദ്യം
ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കാരാപ്പുഴ ജലസേചന പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും, വിശദമാക്കാമോ; | എ) | 1976 ൽ ആരംഭിച്ച് 2010ൽ ഭാഗീകമായി കമ്മീഷൻ ചെയ്ത കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഹെഡ് വർക്ക്സ്, ഇടതുകര - വലതുകര കനാലുകളുടെ പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ശാഖ കനാലുകളുടെ 47.26 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പൂർത്തിയായിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടമെന്ന നിലയിൽ നിലവിലുള്ള കനാലുകൾ പൂർണ്ണമായും ജലസേചനയോഗ്യമാക്കി 2020ൽ ജലസേചനം നടത്തുവാൻ ഉദ്ദേശിക്കുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ച് വലതുകര കനാലിൽ നിന്ന് ആരംഭിക്കുന്ന ഡിസ്ട്രിബ്യൂട്ടറികളും ഇടതുകര കനാലിൽ നിന്ന് ആരംഭിക്കുന്ന കോട്ടൂർ ബ്രാഞ്ച് കനാലും മൂന്ന് ഡിസ്ട്രിബ്യൂട്ടറികളും 2021 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി | സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യവും ജീവനക്കാരെ നിയമിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | ബി) | സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക കണക്കാക്കി അടുത്ത വർഷങ്ങളിലെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. നിലവിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**